പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 2860

13.07.2015-ൽ മറുപടിക്ക്.

## പാലക്കാട് ജില്ലയിലെ കോടതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ചന്ദ്രൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ വിവിധ കോടതികളിലായി എത്ര കേസുകൾ തീർപ്പാക്കുവാനുണ്ടെന്ന വിശദമാക്കാമോ; | : (എ) പാലക്കാട് ജില്ലയിൽ 22483 സിവിൽ കേസുകളും 39509 ക്രിമിനൽ കേസുകളും തീർപ്പാക്കുവാനുണ്ട്. |
| (ബി) പ്രസ്തുത കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | : (ബി) കീഴ് ക്കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടികിടക്കുന്ന കേസുകൾ കുറച്ചു കൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുണ്ട്.<br>കേസുകൾ തീർപ്പാക്കുന്നതിനായി Special list system unit system, target fixation എന്നീ രീതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാലപ്പഴക്കം ചെന്ന കേസുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. |
| (സി) ജില്ലയിൽ കൂടുതൽ അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിൽ ജില്ലയിൽ എത്ര അതിവേഗ കോടതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | : (സി) പാലക്കാട് ജില്ലയിൽ അതിവേഗ കോടതികൾ തുടങ്ങുന്നതിനുള്ള ശുപാർശകൾ ഒന്നും നിലവിലില്ല. ഇപ്പോൾ ഒന്നും പ്രവർത്തിക്കുന്നില്ല. |
| (ഡി) കോടതികളിലെ കമ്പ്യൂട്ടർവൽക്കരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | : (ഡി) e-court പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ഫണ്ട് വിനിയോഗിച്ച് കീഴ് ക്കോടതികളിലെ കമ്പ്യൂട്ടർവൽക്കരണം ത്വരിതഗതിയിൽ നടത്തികൊണ്ടിരിക്കുകയാണ്. e-court പദ്ധതിയുടെ ആദ്യഭാഗം 31.03.2015-ൽ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കോടതികളിൽ e-court project ന്റെ കീഴിൽ വീഡിയോ കോൺഫറൻസിങ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

Rema.v

സെക്ഷൻ ഓഫീസർ